# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2199 — 16/08/2017-ൽ മറുപടിക്ക്

### കൃഷി ആവശ്യത്തിനുള്ള വൈദ്യുതി

| | ചോദ്യം<br><br>ശ്രീ.ഇ.കെ.വിജയൻ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൃഷി ആവശ്യത്തിന് വൈദ്യുതി ലഭിക്കുവാനുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ; | (എ) & (ബി) | സാധാരണ ഗതിയിൽ ഉടമസ്ഥാവകാശരേഖ, അപേക്ഷന്റെ തിരിച്ചറിയൽ രേഖ എന്നിവയുടെ അടിസ്ഥാനത്തിലാണ് വൈദ്യുതി കണക്ഷൻ നൽകുന്നത്. കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കണമെന്ന് കൃഷി വകുപ്പ് നിർദ്ദേശിച്ചിരുന്നു.<br>(1) 30 സെന്റിൽ കുറയാത്ത ഭൂമിയുള്ളതും അതിൽ 75% കാർഷിക വിളകളുള്ളതുമായ വ്യക്തി.<br>(2) 10 സെന്ററിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകൻ.<br>(3) 5 സെന്ററിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകൻ.<br>കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ മാനദണ്ഡം പാലിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ രേഖകളുടെ അടിസ്ഥാനത്തിൽ തികച്ചും സുതാര്യമായാണ് വൈദ്യുതി കണക്ഷനുകൾ അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത നടപടി ക്രമങ്ങൾ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ